**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1119** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ മുപ്പത് ക്ലാസ് മുറികൾ ഒഴിഞ്ഞു കിടക്കുന്ന കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ ഇക്കണോമിക്സ് ബിരുദാനന്തര ബിരുദം, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. ഫിസിക്കൽ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പ്രസ്തുത സ്ഥലം കൈമാറി ക്കിട്ടുന്നതിനായി റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഒരു ആർട്സ് & സയൻസ് കോളേജിന് വേണ്ടുന്ന മിനിമം സ്ഥലവിസ്തൃതി അഞ്ച് ഏക്കർ ആണെന്നിരിക്കെ 1.6 ഏക്കർ മാത്രമുള്ള കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിസ്വീകരിക്കുമോ? | (ബി) | നിലവിൽ കാഞ്ഞിരംകുളം സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന 1.6 ഏക്കർ ഭൂമിയുടെ അടുത്ത പ്രദേശത്തുള്ള ഭൂമി കോളേജിന് വേണ്ടി വിട്ടു നൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിരുന്നു. എന്നാൽ സമ്മതപത്രം ലഭിച്ചിട്ടുള്ള ഭൂമി നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്നുള്ളതല്ല. അതുകൊണ്ടുതന്നെ ഭാവിയിൽ യു.ജി.സി. അംഗീകാരവും നാക്ക് അംഗീകാരവും ലഭിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. അതിനാൽ കോളേജിനോട് ചേർന്ന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ